താങ്കൾ നമസ്കാരത്തിലേക്കുള്ള വിളി (ബാങ്ക്)
കേൾക്കാറുണ്ടോ?!" അദ്ദേഹം പറഞ്ഞു: "അതെ." നബി -صلى الله عليه وسلم-പറഞ്ഞു: "എങ്കിൽ അതിന് ഉത്തരം നൽകുക
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- യുടെ അരികിൽ അന്ധനായ ഒരാൾ വന്നു. അദ്ദേഹം
പറഞ്ഞു: "അല്ലാഹുവിൻ്റെ റസൂലേ! മസ്ജിദിലേക്ക് എന്നെ വഴിനയിക്കാൻ എനിക്കൊരു
വഴികാട്ടിയില്ല." തനിക്ക് വീട്ടിൽ നിന്ന് നമസ്കരിക്കാൻ ഇളവ് നൽകണമെന്ന് നബി -صلى الله عليه وسلم-
യോട് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ അവിടുന്ന് അദ്ദേഹത്തിന് ഇളവ് നൽകി. അയാൾ
തിരിഞ്ഞു നടന്നപ്പോൾ നബി -صلى الله عليه وسلم- അദ്ദേഹത്തെ വിളിച്ചു. അവിടുന്ന് ചോദിച്ചു: "താങ്കൾ
നമസ്കാരത്തിലേക്കുള്ള വിളി (ബാങ്ക്) കേൾക്കാറുണ്ടോ?!" അദ്ദേഹം പറഞ്ഞു: "അതെ." നബി -
صلى الله عليه وسلم- പറഞ്ഞു: "എങ്കിൽ അതിന് ഉത്തരം നൽകുക."
[صحيح] [رواه مسلم]
അന്ധനായ ഒരാൾ നബി -صلى الله عليه وسلم- യുടെ അരികിൽ വന്നുകൊണ്ട് പറഞ്ഞു: "അല്ലാഹുവിൻ്റെ റസൂലേ! ഞാൻ
അന്ധനായ ഒരാളാണ്. എന്നെ സഹായിക്കാനും, അഞ്ചു നേരത്തെ നമസ്കാരത്തിന് മസ്ജിദിലേക്ക്
എന്നെ കൊണ്ടുവരാനും എനിക്കൊരാളില്ല. തനിക്ക് ജമാഅത്ത് ഉപേക്ഷിക്കാൻ ഇളവ് ലഭിക്കുക
എന്നതാണ് അദ്ദേഹത്തിൻ്റെ ഉദ്ദേശം. നബി -صلى الله عليه وسلم- അദ്ദേഹത്തിന് ഇളവു നൽകുകയും, അദ്ദേഹം
തിരിഞ്ഞു നടക്കുകയും ചെയ്തു. അപ്പോൾ നബി -صلى الله عليه وسلم- അദ്ദേഹത്തെ തിരിച്ചു വിളിച്ചു കൊണ്ട്
ചോദിച്ചു: താങ്കൾ നമസ്കാരത്തിലേക്ക് ക്ഷണിക്കുന്ന അദാൻ (ബാങ്ക് വിളി)
കേൾക്കുന്നുണ്ടോ?" അദ്ദേഹം പറഞ്ഞു: അതെ. നബി -صلى الله عليه وسلم- പറഞ്ഞു: "എങ്കിൽ (നമസ്കാരത്തിന്
വിളിക്കുന്നയാൾക്ക്) ഉത്തരം നൽകുക."
https://sunnah.global/hadeeth/ml/show/11287